പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1850 **26-10-2026-ൽ മറുപടിയ്ക്ക്**

കെ-റെയിൽ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മഞ്ഞളാംകുഴി അലി

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) കെ-റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും അവസാനിപ്പിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളത്;വിശദമാക്കാമോ;

മറുപടി: കെആർഡിസിഎൽ സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) പദ്ധതി ആവിഷ്കരിച്ചിരുന്നു. സർക്കാർ നിലവിൽ ഈ പദ്ധതി മുന്നോട്ടു കൊണ്ടു പോകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. സിൽവർലൈൻ പദ്ധതി അവസാനിപ്പിച്ചു എങ്കിലും, കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് റെയിൽവേയുമായി ബന്ധപ്പെട്ട മറ്റ് പ്രവൃത്തികൾ നടപ്പാക്കുന്നുണ്ട്.

(ബി) കെ-റെയിൽ പദ്ധതിയുടെ ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;എങ്കിൽ,എത്ര ജീവനക്കാർ,വാഹനങ്ങൾ എന്നിവ നിലവിലുണ്ട് എന്ന് വിശദാംശം നൽകാമോ;

മറുപടി: ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നു. ജീവനക്കാർ, വാഹനങ്ങൾ എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു,.

(സി) നിലവിൽ പ്രതിമാസം കെ-റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ചെലവ് എത്രയാണ്; വ്യക്തമാക്കാമോ;

മറുപടി: പ്രസ്തുത പദ്ധതിക്കായി പണം ചിലവാക്കുന്നില്ല.

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിന് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച സ്ഥലത്ത് നിന്നും അതിർത്തിക്കല്ലുകൾ പൂർണ്ണമായും നീക്കം ചെയ്തിട്ടുണ്ടോ;എങ്കിൽ, എന്തെല്ലാം നടപടികളാണ് ഇതുമായി ബന്ധപ്പെട്ട് അവശേഷിക്കുന്നത്;

മറുപടി: 21.05.2026 ലെ ഗതാഗത (ഇ) വകുപ്പ് നമ്പർ 15/2026/ട്രാൻസ്, 22-05-2026 ലെ റവന്യൂ (ബി) വകുപ്പ് നമ്പർ 184/2026/ ആർ.ഡി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പദ്ധതിയുടെ എല്ലാ വിജ്ഞാപനങ്ങളും പിൻവലിച്ച് തുടർ നടപടികൾക്കായി ജില്ലാ കളക്ടർ, റവന്യൂ അധികൃതർ എന്നിവർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ഇ) സംസ്ഥാനത്തിന് ഒരു തരത്തിലും അനുയോജ്യമല്ല എന്ന് ആരോപണം നേരിടേണ്ടിവരുന്ന കെ-റെയിൽ പോലുള്ള പദ്ധതികൾ പ്രഖ്യാപിക്കുകയും പൊതുജനങ്ങൾക്ക് അതു വഴി പ്രയാസങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതിന് ഇടയാക്കുന്ന സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് എന്തെല്ലാം മുൻകരുതലാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>മറുപടി:</u> സിൽവർലൈൻ പദ്ധതി പ്രഖ്യാപിക്കുന്നതിനും പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിനും, ലഭ്യമായ സാധ്യതാപഠനങ്ങളുടെയും സാങ്കേതിക വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിലാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. സിൽവർലൈൻ പദ്ധതിയുടെ കാര്യത്തിൽ, കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അന്തിമ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ 21.05.2026-ലെ G.O.(Ms)No.15/2026/TRANS ഉത്തരവിലൂടെ പദ്ധതിയുടെ മുൻ ഭരണാനുമതി റദ്ദാക്കുകയും തുടർനടപടികൾ വേണ്ടെന്നു തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ